ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം .695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

നം.ബി2- 3491/17/CFS

തീയതി .10 .05.2017

## പരിപത്രം

**വിഷയം:-** സി.എഫ്.എസ്- കൃത്രിമ നിറം ചേർത്ത് ഗ്രീൻപീസ് വിൽക്കുന്നതായ പരാതി- പച്ചക്കറി-പലവ്യഞ്ജന കടകൾ പരിശോധിക്കുന്നത്- സംബന്ധിച്ച്.

കേരളത്തിലെ പച്ചക്കറി വ്യാപാര കടകളിലൂടെ വ്യാപകമായി വിറ്റുവരുന്ന സാധനമാണ് പച്ചനിറത്തിലുള്ള ഗ്രീൻപീസ്. മട്ടർ എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. അടുത്തകാലത്തായി സാധാരണ ഗ്രീൻപീസിലേയ്ക്ക് പച്ചനിറം ചേർത്ത് കവറുകളിൽ വച്ച് വ്യാപകമായി ഇത് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ അടിയന്തിരമായി എല്ലാസ്ഥലങ്ങളിലേയും പച്ചക്കറി വ്യാപാര സ്ഥാപനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ഇത്തരത്തിലുള്ള വിൽപ്പന തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണം.

ഇത്തരത്തിലുള്ള സാധനം ഉണ്ടാക്കി വിൽപ്പന നടത്തുന്ന മൊത്ത വിതരണക്കാരെയും, നിർമ്മാതാക്കളെയും കണ്ടെത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും വേണം.

. 27.05.2017-തീയതിയ്ക്കു മുൻപ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതും ടി പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ് .

**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**

സ്വീകർത്താവ്

1. എല്ലാ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്കും
2. എല്ലാ ഫുഡ്സേഫ്റ്റി ഓഫീസർമാർക്കും (അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർ മുഖേനെ)

പകർപ്പ്

1. ജോയിന്റ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ)
2. ജോയിന്റ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
3. ഫുഡ് സേഫ്റ്റി ഓഫീസർ
4. ഫയൽ/ സ്റ്റോക്ക് ഫയൽ